# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

## പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3518** — **14/03/2017-ൽ മറുപടി**

| ചോദ്യം | മറുപടി |
|---|---|
| 1. ശ്രീ. റോഷി അഗസ്റ്റിൻ.<br>2. ഡോ. എൻ. ജയരാജ്. | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | G.O.(MS)No.266/2014/Home. dated 23/12/2014 ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികയിലേക്ക് എത്ര ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കൺവർഷൻ നടത്തി നിയമിച്ചിട്ടുണ്ട്; ജില്ലയും സ്പെഷ്യൽ യൂണിറ്റും തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | G.O.(MS)No.266/2014/Home. dated 23/12/2014 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ഒരു ഒഴിവുകളും (ജില്ല/ സ്പെഷ്യൽ യൂണിറ്റ്) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ജി.ഒ.(പി) 407/80/ ജി.എ.ഡി. തീയതി 04/09/1980 പ്രകാരം പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം 1:1 (50:50) എന്ന അനുപാതത്തിലാണ് നടത്തുന്നത്. ആകെ തസ്തികകളുടെ 50% നേരിട്ടുള്ള നിയമനവും (പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ ആശ്രിത നിയമനം/വകുപ്പുമാറ്റം) വഴിയും ബാക്കി വരുന്ന 50% നിയമനം വകുപ്പിലെ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സംസ്ഥാന അടിസ്ഥാനത്തിൽ കാറ്റഗറി മാറ്റത്തിനായി സമ്മതപത്രം ക്ഷണിക്കുകയും ഇങ്ങനെ സമ്മതപത്രം ഓഫീസ് മേലധികാരി വഴി സമർപ്പിക്കുന്നവരിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് കാറ്റഗറി മാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി നിയമനം നൽകുകയും ചെയ്യുന്നു. എന്നാൽ മുൻ കാലങ്ങളിൽ ഇത്തരത്തിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരുടെ അഭാവം മൂലം ഉണ്ടായ ഒഴിവുകളിൽ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് നേരിട്ടുള്ള നിയമന നടപടി പ്രകാരം നിയമനം നടത്തുകയുണ്ടായി. ആയതുമൂലമാണ് 1:1 എന്ന അനുപാതത്തിൽ വ്യതാസമുണ്ടായത്. നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമനം ലഭിച്ചവർ അംഗീകൃത എണ്ണത്തേക്കാൾ അധികരിച്ചതിനാലാണ് ഈ അനുപാതം |

| | | |
|---|---|---|
| | | ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കാറ്റഗറി മാറ്റം വഴിയുള്ള നിയമനത്തിന് മുൻഗണന നൽകുന്നത്. നിലവിൽ 38 ടൈപ്പിസ്റ്റുമാരെ വിവിധ യൂണിറ്റുകളിലായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി കാറ്റഗറി മാറ്റം വഴി നിയമിക്കപ്പെട്ടിട്ടുണ്ട്. ജില്ല/സ്പെഷ്യൽ യൂണിറ്റ് തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| (ബി) | പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം പി.എസ്.സി. റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ചു വരുന്നു. 1:1 അനുപാത പ്രകാരമുള്ള നിയമനം ഉറപ്പാക്കണമെന്നതാണ് സർക്കാർ നയം. |
| (സി) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് ആരുടെ അധികാരപരിധിയിൽപെട്ടതാണ്; | ഒഴിവുകൾ ഉണ്ടാകുന്ന യൂണിറ്റ് മേധാവിയുടെ അധികാര പരിധിയിലാണ് റിപ്പോർട്ട് ചെയ്യുന്നത്. |
| (ഡി) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ? | ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 1

| ജില്ല | നിയമനം |
|---|---|
| തിരുവനന്തപുരം | 14 |
| കൊല്ലം | 1 |
| പാലക്കാട് | 1 |
| വായനാട് | 1 |
| കോഴിക്കോട് | 1 |
| മലപ്പുറം | 1 |
| ഇടുക്കി | 2 |
| കണ്ണൂർ | 2 |
| കെ.എ.പി. 1-ാം ബറ്റാലിയൻ, തൃശ്ശൂർ | 1 |
| കെ.എ.പി. 3-ാം ബറ്റാലിയൻ, അടൂർ | 1 |
| കെ.എ.പി. 4-ാം ബറ്റാലിയൻ, കണ്ണൂർ | 1 |
| എസ്.ബി.സി.ഐ.ഡി. ആസ്ഥാനം | 4 |
| റെയിൽവേ ആസ്ഥാനം | 1 |
| എഫ്.എസ്.എൽ. ആസ്ഥാനം | 1 |
| സി.ബി.സി.ഐ.ഡി. ഇ.ഒ.ഡബ്ല്യൂ-2, കോട്ടയം | 1 |
| എച്ച്.എച്ച്. ഡബ്ല്യൂ-1,തിരുവനന്തപുരം | 1 |
| ഒ.സി. ഡബ്ല്യൂ-1,തിരുവനന്തപുരം | 1 |
| കേരള പോലീസ് അക്കാഡമി, തൃശ്ശൂർ | 2 |
| ആർ.ആർ.ആർ.എഫ്. മലപ്പുറം | 1 |
| **ആകെ** | 38 |

**സെക്ഷൻ ഓഫീസർ**